## വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

## (ഹാജർ : അനുപമ T.V IAS)

വിഷയം : വനിത ശിശു വികസന വകുപ്പ് – ഡയറക്ടറേറ്റ് - ജീവനക്കാര്യം – എക്സി. ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പുനഃസംഘടന – ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് – 1 തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:

1. സ.ഉ (കൈ) നം. 24/2017/സാനീവ തീയതി: 30.06.2017
2. സ.ഉ (കൈ) നം. 23/2018/സാനീവ തീയതി: 07.10.2018
3. സ.ഉ (അച്ചടി) നം. 10/2019/സാനീവ തീയതി: 21.10.2019
4. സാമൂഹ്യനീതി ഡയറക്ടറുടെ 21.01.20ലെ Spl Cell-1/2019 നമ്പർ ഉത്തരവ്.
5. സ.ഉ (അച്ചടി) നം. 7/2020/സാനീവ തീയതി: 26.06.2020
6. വനിതാ ശിശുവികസന ഡയറക്ടറുടെ 16.09.2020ലെ മേൽ നം. ഉത്തരവ്

===================================================================

**ഉത്തരവ് നം. WCD/E8/10276/20** **തീയതി: 08-10-2020**

===================================================================

സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനും വികസനത്തിനുമായി പരാമർശം (1) പ്രകാരം സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, സാമൂഹ്യനീതി വകുപ്പിൽ നിലനിന്നിരുന്ന 3795 തസ്തികകളിൽ 535 തസ്തികകൾ സാമൂഹ്യനീതി വകുപ്പിൽ നിലനിർത്തിയും 3260 തസ്തികകളും പരാമർശം (2) പ്രകാരം സൃഷ്ടിച്ച 24 തസ്തികകളും ഉൾപ്പെടെ 3284 തസ്തികകൾ വനിത ശിശു വികസന വകുപ്പിലേക്ക് അനുവദിച്ച് ഇരു വകുപ്പുകളിലേയും കേഡർ സ്ട്രെങ്ത് നിർണ്ണയിച്ചിരുന്നു. എന്നാൽ പരാമർശം (5) പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം വനിത ശിശു വികസന വകുപ്പിന്റെ നിലവിലെ കേഡർ സ്ട്രെങ്ത് 3279 ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കേഡർ സ്ട്രെങ്തിന്റെ അടിസ്ഥാനത്തിൽ രണ്ട് വകുപ്പിലേയും ജീവനക്കാരുടെ പുനർ വിന്യാസം, നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വ്യവസ്ഥകൾ നിശ്ചയിച്ച് പരാമർശം (3) പ്രകാരം സർക്കാർ എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശാനുസരണം പരാമർശം (4) പ്രകാരം ജീവനക്കാരെ ഇരു വകുപ്പുകളിലുമായി പുനർ വിന്യസിച്ച് ഉത്തരവായിട്ടുണ്ട്.

SK/20

അപ്രകാരം വനിത ശിശു വികസന വകുപ്പിൽ നിലവിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 / RDPO തസ്തികയിലെ ജീവനക്കാരുടെ കേഡർ സ്ട്രെങ്ത് 13 ആയാണ് നിർണ്ണയിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 / RDPO തസ്തികയിലെ ജീവനക്കാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പരാമർശം (6) പ്രകാരം പ്രസിദ്ധീകരിക്കുകയും, ജീവനക്കാരിൽ നിന്നും കാര്യാലയമേധാവികൾ മുഖാന്തിരം ആക്ഷേപം / പരാതികൾ ക്ഷണിക്കുകയുമുണ്ടായി. എന്നാൽ ടി ഉത്തരവിന്മേൽ പരാതികൾ ഒന്നും ലഭ്യമായിട്ടില്ലാത്തതാണ്.

ടി സാഹചര്യത്തിൽ G.O(P) No. 10/2019/സാനീവ തീയതി 21.10.19 പ്രകാരമുള്ള എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനിത ശിശു വികസന വകുപ്പിൽ നിലവിൽ വന്ന തസ്തികയിലെ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 ജീവനക്കാരുടെ പരാമർശം (6)ലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് ചുവടെ ചേർക്കുന്ന പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | ജനന തീയതി | യോഗ്യത ജനറൽ / | സ്പെഷ്യൽ | ഉദ്യോഗക്കയറ്റം അനുവദിച്ച ഉത്തരവ് നം. തീയതിയും | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | ശ്രീമതി പി. ബിജി | 05.05.1970 | PDC, TTC | A/C (L) | E11-6360/14 Dt: 31-3-14 | - |
| 2 | ശ്രീ. കെ.എം. അഹമ്മദ് റഷീദ് | 23.05.1966 | PDC, NTC | A/C (L) | E1/8727/19 dated: 16.08.19 | |

ഒപ്പ്

**വനിതശിശു വികസന ഡയറക്ടർ**

**ബന്ധപ്പെട്ട ജീവനക്കാർക്ക്**

**പകർപ്പ് :**

1. ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർ
2. സൂപ്രണ്ട് IT സെൽ
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

SK/20